ശ്രീ. ടി. ഒ. ബാവ : ദക്ഷിണമേഖല കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്നു ഗവണ്മെന്റിനു ബോധ്യമുണ്ടോ ?

മി. സ്പീക്കർ : അതിനും മറുപടി പറഞ്ഞിട്ടുള്ളതാണു്.

മന്ത്രി ശ്രീ. കൃഷ്ണയ്യരെ കയ്യേറ്റം ചെയ്തതായ പത്രവാർത്ത.

* 1458. [16] ശ്രീ. കെ. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ മാസം 4–ാം തീയതി കൊല്ലത്തുവച്ചു്, പോലീസു് വകുപ്പു മന്ത്രി ശ്രീ. കൃഷ്ണയ്യരെ ആരോ കയ്യേറ്റം ചെയ്തതായി പത്രങ്ങളിൽ കണ്ട വാർത്ത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സംഭവം സംബന്ധിച്ചു് പോലീസു്, കേസു രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം വകുപ്പുകൾ അനുസരിച്ചാണു് ; പ്രതികൾ എത്ര ?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ) ഉണ്ടു്.

(ബി) ഉണ്ടു്.

(സി) സെക്ഷൻ 353 അനുസരിച്ചു്, പ്രതി ഒരാൾ മാത്രം.

ശ്രീ. എം. നാരായണക്കുറുപ്പു് : നിയമമന്ത്രിയുടെ പേരിൽ നടന്ന അക്രമവും പോർട്ടഫോളിയോ മാറ്റവും തമ്മിൽ വല്ല ബന്ധവുമുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : ഇല്ല.

ശ്രീ. പി. ടി. ചാക്കോ : സർ, ഈ സംബന്ധിച്ചു് നിയമമന്ത്രിയുടെ പിടലിക്കു് അടിച്ചതായി ആദ്യം കേസു് എടുക്കുകയും, അതിനെ സംബന്ധിച്ചു് സാക്ഷികളുടെ മൊഴി കേസു ഡയറിയിൽ റിക്കാർഡു ചെയ്യുകയും ചെയ്തതിനുശേഷം, ഗവണ്മെന്റിൽ ആരുടേയോ പ്രേരണ നിമിത്തം തല്ലാൻ ഓങ്ങി എന്ന മട്ടിൽ കേസു മാറ്റുകയും, കേസുഡയറിയിലെ സ്റ്റേറ്റുമെന്റുകൾ തിരുത്തുകയും ചെയ്തിട്ടുള്ളതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : നോട്ടീസു വേണം.

ശ്രീ. കെ. എം. ജോർജ്ജു് : ഈ കേസിനെ തുടർന്നു് കൊല്ലം, ചവറ ഏരിയായിലുള്ള എത്ര പോലീസു് ഉദ്യോഗസ്ഥന്മാരെ സ്ഥലം മാറ്റിയിട്ടുണ്ടു് ?

ശ്രീ. സി. അച്യുതമേനോൻ: എത്ര എന്ന ചോദ്യത്തിനു വകയുണ്ടെന്നു തോന്നുന്നില്ല; ഒരു പോലീസു് ഇൻസ്പെക്ടറെ സ്ഥലം മാറ്റിയിട്ടുണ്ടു്. അതും ഈ കാരണത്താൽ ആണോ എന്നു നിശ്ചയമില്ല.

ശ്രീ. കെ. എം. ജോർജ്ജു് : ഇന്നലെ ഒരു ചോദ്യത്തിൽ ഉന്നയിച്ചിരുന്ന ഒരു തൊഴിലാളിയുടെ ലോറിമുട്ടിയുള്ള മരണംസംബന്ധിച്ച കേസിൽ ആരെയെങ്കിലും അറസ്റ്റു ചെയ്തിട്ടുണ്ടോ ?

ശ്രീ സി. അച്യുതമേനോൻ : അതിനു് ഇന്നലെ ഞാൻ മറുപടി പറഞ്ഞിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇടിക്കുള : ഈ രാജ്യത്തു് അരക്ഷിതാവസ്ഥയുണ്ടെന്നു് പ്രതിപക്ഷത്തു നിന്നും കൊണ്ടുവന്നിട്ടുള്ള ആരോപണം ശരിയാണെന്നുള്ളതിനു് തെളിവല്ലേ ഈ സംഭവം ?

Mr. Speaker : That need not be answered.

റെയർ എർത്തു ഫാക്ടറി.

* 1459. [18] ശ്രീ. എ. കണ്ണകുട്ടൻ : താഴെ കാണുന്ന ചോദ്യത്തിനു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഇൻഡ്യാഗവണ്മെന്റിന്റെ ആഭിമുഖ്യത്തിൽ ആലുവായിൽ നടന്നുവന്ന 'റെയർ എർത്തു ഫാക്ടറി' അടച്ചുപൂട്ടാനുള്ള കാരണം എന്തു തൊഴിലാളികൾക്കു തൊഴിൽ നഷ്ടപ്പെട്ടു ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ): 180 ഫാക്ടറി തൊഴിലാളികൾക്കു് 1959 ഏപ്രിൽ മൂന്നാം തീയതിമുതൽ ജോലി ഇല്ലാതായിട്ടുണ്ടു്.

ശ്രീ. ടി. ഒ. ബാവാ : ഈ വ്യവസായത്തിൽ, കേരളാ ഗവണ്മെന്റിനു് എന്തെങ്കിലും നിയന്ത്രണമുണ്ടോ ?

ശ്രീ. കെ. പി. ഗോപാലൻ : കേരള ഗവണ്മെന്റിനു് 36 ലക്ഷം രൂപയുടെ ഷെയർ ഉണ്ടു് ; ഡയറക്ടർ ബോർഡിൽ രണ്ടു അംഗങ്ങൾ കേരള ഗവണ്മെന്റിന്റെ പ്രതിനിധികളാണു്.

ശ്രീ. ടി. ഒ. ബാവാ : 36 ലക്ഷം രൂപയുടെ ഷെയർ ഈ ഗവണ്മെന്റിനുള്ള സ്ഥിതിക്കു് അതു പൂട്ടിയിട്ടിരിക്കുന്നതു് ശരിയല്ലെന്ന കാര്യം പരിഗണിച്ചു് അതു പുനരാലോചന ചെയ്യുന്നതിനു് ഗവണ്മെന്റു് സമ്മർദ്ദം ചെലുത്തിയിട്ടുണ്ടോ ?

ശ്രീ. കെ. പി. ഗോപാലൻ : കേന്ദ്രഗവണ്മെന്റും അറ്റാമിക് എനർജി കമ്മിഷനുമായി അന്വേഷണം നടത്തി .....

മി. സ്പീക്കർ : ഇതിനെപ്പറ്റി മിനിയാന്നു് വളരെ ഡീറ്റെയിൽഡായിട്ടു പറഞ്ഞിട്ടുണ്ടു്.

Committees constituted by this Government.

* 1460. [19] **Shri K. Chandrasekharan**: Will the Chief Minister be pleased to state :

(*a*) the number of State Committees, District Committees and Taluk Committees so far constituted by this Government;

(*b*) the amount so far expended on them by way of T. A. D. A. etc., and

(*c*) if the figures up till date are not available, would the Chief Minister be pleased to give the figures for the above up till the date of a similar question put by this member during the last Budget meeting and when the Chief Minister had replied that particulars are being collected ?

LIBRARY ARCHIVES Kerala Legislative Assembly